File No.REV-DRF-A1/187/2020-REV

8181
4/9/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂവകുപ്പ് -മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നാട്ടിൽ എത്തി വിദേശത്തെ ജോലി സ്ഥലങ്ങളിലേക്ക് മടങ്ങിപ്പോകാൻ കഴിയാത്ത പ്രവാസികൾക്ക് 5000 രൂപ വീതം ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതിനായി 50 കോടി രൂപ കൂടി നോർക്ക റൂട്സിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്

സ.ഉ.(സാധാ) നം.2590/2020/റവ. തീയതി,തിരുവനന്തപുരം, 11/08/2020

പരാമർശം:- 1 20.04.2020തീയതിയിലെസ.ഉ.സാധാ) നം.1469/2020/റവ

2 07/08/2020തീയതിയിലെസ.ഉ.(കൈ) നം.13/2020/നോർക്ക

<u>ഉത്തരവ്</u>

മുകളിൽ വായിച്ച പരാമർശം രണ്ട് ഉത്തരവിന്റെ വെളിച്ചത്തിൽ, കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നാട്ടിൽ എത്തി വിദേശത്തെ ജോലി സ്ഥലങ്ങളിലേക്ക് മടങ്ങിപ്പോകാൻ കഴിയാത്ത പ്രവാസികൾക്കായി പ്രഖ്യാപിച്ച 5000 രൂപ ധനസഹായത്തിനായി അപേക്ഷിച്ച അർഹരായ എല്ലാ പ്രവാസികൾക്കും തുക അനുവദിക്കുന്നതിനായി പരാമർശം ഒന്ന്പ്രകാരം അനുവദിച്ച 8.5 കോടി രൂപയ്ക്ക് പുറമെ 50 കോടി രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നോർക്ക റൂട്സിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന 50 കോടി രൂപയിൽ 2.5 കോടി രൂപ ലോകകേരള സഭയുടെ ബജറ്റ് വിഹിതത്തിൽ നിന്നും, ബാക്കി തുക അഡിഷണൽ ഓതറൈസേഷൻ വഴിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് റിലീപ് ചെയ്യേണ്ടതുമാണ്.

2. വിതരണത്തിനാവശ്യമായ 50 കോടി രൂപ 2075-00-800-40 Contribution to Chief Ministers Distress Relief Fund ( N P) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും നോർക്ക റൂട്സ് ഡി.ഡി.ഓ ആയ ഫിനാൻസ് മാനേജർക്ക് അനുവദിക്കുന്നതാണ്. തുക ലഭ്യമായാലുടൻ തന്നെ നോർക്ക റൂട്സ് തുക ബന്ധപ്പെട്ടവർക്ക് വിതരണം നടത്തേണ്ടതാണ്. തുക വിനിയോഗം നടത്തുന്നത് നോർക്ക വകുപ്പ് മോണിട്ടർ ചെയ്യേണ്ടതും ആയത് സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റ് ഈ വകുപ്പിന് നൽകേണ്ടതുമാണ്. പ്രസ്തുത ആവശ്യത്തിനായി അനുവദിച്ച തുക യാതൊരു കാരണവശാലും വക മാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടിയന്തിരമായി തിരികെ അടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്,
ചീഫ് എക്സിക്യൂട്ടീവ് ഓഫീസര്, നോർക്ക റൂട്സ് , നോർക്ക സെന്റർ . തൈക്കാട്. തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണല് ചീഫ് സെക്രട്ടറി,
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി).
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
കേരളീയ പ്രവാസി കാര്യ ( എ ) വകുപ്പ് (07/08/2020 തീയതിയിലെ സ.ഉ.(കൈ) നം.13/2020/നോർക്ക - പ്രകാരം)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Bindumol.K.N

സെക്ഷൻ ഓഫീസർ